കേരള സർക്കാർ

ആസൂത്രണ-സാമ്പത്തികകാര്യ (ബി) വകുപ്പ്

# സാമ്പത്തിക സ്ഥിതിവിവരകണക്ക് സബോർഡിനേറ്റ് സർവീസസ് (ഭേദഗതി) വിശേഷാൽ ചട്ടങ്ങൾ-2009 (മലയാള പരിഭാഷ)

©
കേരള സർക്കാർ
2025

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം സർക്കാർ
മുദ്രനിർമ്മാണശാലയിൽ അച്ചടിച്ചത്-2025.

ആസൂത്രണ-സാമ്പത്തികകാര്യ (ബി) വകുപ്പ്

# സാമ്പത്തിക സ്ഥിതിവിവരകണക്ക് സബോർഡിനേറ്റ് സർവീസസ് (ഭേദഗതി) വിശേഷാൽ ചട്ടങ്ങൾ-2009 (മലയാള പരിഭാഷ)

കേരള സർക്കാർ

ആസൂത്രണ-സാമ്പത്തികകാര്യ (ബി) വകുപ്പ്

**വിജ്ഞാപനം**

**ജി. ഒ. (പി) നമ്പർ 9/2009/പ്ലാനിംഗ്** *തിരുവനന്തപുരം 2009 ഫെബ്രുവരി 20.*

**എസ്.ആർ.ഒ. നമ്പർ 200/2009.**— 1968-ലെ കേരള പബ്ലിക് സർവീസസ് ആക്ട് (1968-ലെ 19) വകുപ്പ് 2-ലെ 1-ാമത് ഉപവകുപ്പ് നൽകുന്ന അധികാരങ്ങൾ വിനിയോഗിച്ചു കൊണ്ടും ഈ വിഷയത്തിൽ നിലവിലുള്ള എല്ലാ വിശേഷാൽ ചട്ടങ്ങളേയും അതിലംഘിച്ചുകൊണ്ടും കേരള സർക്കാർ താഴെ പറയുന്ന വിശേഷാൽ ചട്ടങ്ങൾ കേരള സാമ്പത്തിക സ്ഥിതിവിവരകണക്ക് സബോർഡിനേറ്റ് സർവീസിനുവേണ്ടി പുറപ്പെടുവിക്കുന്നു, അതായത്:

**ചട്ടങ്ങൾ**

1. ചുരുക്കപ്പേരും പ്രാരംഭവും.— (1) ഈ ചട്ടങ്ങൾക്ക് 2009-ലെ കേരള സാമ്പത്തിക സ്ഥിതിവിവരകണക്ക് സബോർഡിനേറ്റ് സർവീസ് വിശേഷാൽ ചട്ടങ്ങൾ എന്ന് പേരു പറയാം.

(2) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ഘടന.— ഈ സർവീസ് താഴെപ്പറയുന്ന വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥർ ഉൾപ്പെടുന്നതായിരിക്കും, അതായത്:

| | | |
|---|---|---|
| കാറ്റഗറി 1 | — | ഡെപ്യൂട്ടി ഹെൽത്ത് ഓഫീസർ |
| കാറ്റഗറി 2 | — | റിസർച്ച് അസിസ്റ്റന്റ്/സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ/കമ്പ്യൂട്ടർ സൂപ്പർവൈസർ/എക്സ്റ്റൻഷൻ ഓഫീസർ (ആസൂത്രണവും മേൽനോട്ടവും) |
| കാറ്റഗറി 3 | — | സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I/സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I/കമ്പ്യൂട്ടർ ഓപ്പറേറ്റർ ഗ്രേഡ്-I/ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ |
| കാറ്റഗറി 4 | — | സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-II/സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II/കമ്പ്യൂട്ടർ ഓപ്പറേറ്റർ ഗ്രേഡ്-II |

3. നിയമനം. താഴെ പട്ടികയിൽ (2)-ാം കോളത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ള വിവിധ കാറ്റഗറികളിലേക്കുള്ള നിയമനം ഓരോന്നിനും എതിരെ 3-ാം കോളത്തിൽ നിർദ്ദേശിക്കുന്ന നിയമനരീതിയിൽ ആയിരിക്കും, അതായത്:—

**പട്ടിക**

| കാറ്റഗറി നമ്പർ | തസ്തിക | നിയമനരീതി |
|---|---|---|
| (1) | (2) | (3) |
| 1 | ഡെപ്യൂട്ടി ഹെൽത്ത് ഓഫീസർ | ആരോഗ്യ വകുപ്പിലെ സീനിയർ സാനിറ്ററി ഇൻസ്പെക്ടറുടെ കേഡറിനു പുറമെ ഉള്ള തസ്തിക |
| 2 | റിസർച്ച് അസിസ്റ്റന്റ്/ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ/ കമ്പ്യൂട്ടർ സൂപ്പർവൈസർ/ എക്സ്റ്റൻഷൻ ഓഫീസർ (ആസൂത്രണവും മേൽനോട്ടവും) | 3-ാം കാറ്റഗറിയിൽ നിന്ന് സ്ഥാനക്കയറ്റം മുഖേന |
| 3 | സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I/സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I/ കമ്പ്യൂട്ടർ ഓപ്പറേറ്റർ ഗ്രേഡ്-I/ ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ | i. 4-ാം കാറ്റഗറിയിൽ നിന്ന് സ്ഥാനക്കയറ്റം മുഖേന<br>ii. സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിലെ ലോവർ ഡിവിഷൻ ടൈപ്പിസ്റ്റിൽ നിന്നും കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-II-ൽ നിന്നും തസ്തികമാറ്റം മുഖേനയുള്ള നിയമനം |

*കുറിപ്പ്.* (1) സാമ്പത്തിക ശാസ്ത്രത്തിലോ സ്റ്റാറ്റിസ്റ്റിക്സിലോ ഗണിതശാസ്ത്രത്തിലോ സ്റ്റാറ്റിസ്റ്റിക്സിലെ വാണിജ്യ ശാസ്ത്രത്തിലോ ഏതെങ്കിലും ഒന്നിൽ ബിരുദമുള്ള ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്/ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-II തസ്തികയിലുള്ള ജീവനക്കാരെ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I തസ്തികയിലേക്ക് 'തസ്തികമാറ്റം' മുഖേനയുള്ള നിയമനത്തിന് അവരുടെ താൽപര്യപത്രത്തിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കാം. തിരഞ്ഞെടുക്കുന്നതിന് മുമ്പ് ഓരോ വ്യക്തിയും താൽപര്യപത്രം സമർപ്പിക്കേണ്ടതാണ്. ഒരിക്കൽ സമർപ്പിച്ച താൽപര്യപത്രം അന്തിമമായിരിക്കുന്നതും മറ്റൊരു തിരഞ്ഞെടുക്കൽ അനുവദനീയമാകുന്നതുമല്ല.

(2) ബന്ധപ്പെട്ട ഫീഡർ കാറ്റഗറിയിലെ അവരുടെ സർവീസ് അടിസ്ഥാനമാക്കിയുള്ള സീനിയോറിറ്റി ആയിരിക്കും സ്ഥാനക്കയറ്റം മുഖേനയുള്ള നിയമനത്തിന്റെ അടിസ്ഥാനം.

| (1) | (2) | (3) |
|---|---|---|

(3) തസ്തികമാറ്റം മുഖേനയുള്ള നിയമനത്തിനുവേണ്ടി സംയുക്ത സീനിയോറിറ്റി നിശ്ചയിക്കുന്നത് കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് ചട്ടങ്ങളിലെ പൊതുചട്ടം 27 എ അടിസ്ഥാനമാക്കിയായിരിക്കും.

(4) ടൈപ്പിസ്റ്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകളിൽ നിലവിൽ ജോലി ചെയ്യുന്നവരെ സ്ഥാനക്കയറ്റത്തിനുവേണ്ടി ബിരുദ യോഗ്യത ആർജ്ജിച്ചിരിക്കണമെന്നതിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്.

| | | |
|---|---|---|
| 4 | സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-II/ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II/ കമ്പ്യൂട്ടർ ഓപ്പറേറ്റർ ഗ്രേഡ്-II | i. നേരിട്ടുള്ള നിയമനം മുഖേന<br>ii. സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിലെ കേരള ലാസ്റ്റ് ഗ്രേഡ് സർവീസിൽ ഉൾപ്പെടുന്ന മൂന്ന് വർഷത്തിൽ കുറയാത്ത സേവനം പൂർത്തിയാക്കിവരിൽ നിന്ന് തസ്തികമാറ്റം മുഖേന |

*കുറിപ്പ്*.—(1) നേരിട്ടുള്ള നിയമനവും തസ്തികമാറ്റം മുഖേനയുള്ള നിയമനവും 10:1 എന്ന അനുപാതത്തിലായിരിക്കും. തസ്തികമാറ്റം മുഖേനയുള്ള നിയമനത്തിന് യോഗ്യരായ ഉദ്യോഗസ്ഥരുടെ അഭാവത്തിൽ പ്രസ്തുത ഒഴിവ് നേരിട്ടുള്ള നിയമനം മുഖേന നികത്തേണ്ടതാണ്.

(2) ലാസ്റ്റ് ഗ്രേഡ് സർവീസിൽ (എസ്. എസ്. എൽ. സി. യോഗ്യത ആർജ്ജിച്ചവർ) നിലവിൽ ജോലി ചെയ്യുന്നവരെ കാറ്റഗറി 4 ലേക്കുള്ള സ്ഥാനക്കയറ്റത്തിനുവേണ്ടി ബിരുദയോഗ്യത ആർജ്ജിച്ചിരിക്കണമെന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

(3) നിലവിൽ 2, 3, 4 കാറ്റഗറികളിൽ സേവനമനുഷ്ഠിക്കുന്നവരെ സ്ഥാനക്കയറ്റത്തിനുവേണ്ടി ബിരുദയോഗ്യത ആർജ്ജിച്ചിരിക്കണമെന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

4. <u>യോഗ്യതകൾ</u>.—താഴെ പറയുന്ന പട്ടികയിലെ കോളം (4)-ലെ യോഗ്യത നേടാത്ത ആർക്കും കോളം (2)-ലെ ഒരു കാറ്റഗറിയിലേക്കും കോളം (3)-ൽ രേഖപ്പെടുത്തിയിരിക്കുന്ന നിയമനരീതി അവലംബിച്ച് നിയമനം നടത്തുന്നതിന് അർഹതയുണ്ടായിരിക്കുന്നതല്ല, അതായത്:

**പട്ടിക**

| ക്രമ നമ്പർ | കാറ്റഗറി | നിയമനരീതി | യോഗ്യതകൾ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ഡെപ്യൂട്ടി ഹെൽത്ത് ഓഫീസർ | ആരോഗ്യ വകുപ്പിലെ സീനിയർ സാനിറ്ററി ഇൻസ്പെക്ടറുടെതിന് പുറമെ ഉള്ള തസ്തിക | |

| (1) | (2) | (3) | (4) |
|---|---|---|---|
| 2 | റിസർച്ച് അസിസ്റ്റന്റ്/ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ/ കമ്പ്യൂട്ടർ സൂപ്പർവൈസർ/ എക്സ്റ്റൻഷൻ ഓഫീസർ (ആസൂത്രണവും മേൽനോട്ടവും) | സ്ഥാനക്കയറ്റം മുഖേന | |
| 3 | സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I/സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I/ കമ്പ്യൂട്ടർ ഓപ്പറേറ്റർ ഗ്രേഡ്-I/ ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ | i. സ്ഥാനക്കയറ്റം മുഖേന<br>ii. തസ്തികമാറ്റം മുഖേന | <br>ഒരു അംഗീകൃത സർവകലാശാലയിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ സാമ്പത്തിക ശാസ്ത്രത്തിലോ സ്റ്റാറ്റിസ്റ്റിക്സിലോ ഗണിത ശാസ്ത്രത്തിലോ സ്റ്റാറ്റിസ്റ്റിക്സ് ഉൾപ്പെടുന്ന വാണിജ്യ ശാസ്ത്രത്തിലോ ഏതെങ്കിലും ഒന്നിലുള്ള ബിരുദം |
| 4 | സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-II/ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II/ കമ്പ്യൂട്ടർ ഓപ്പറേറ്റർ ഗ്രേഡ്-II | i. നേരിട്ടുള്ള നിയമനം മുഖേന | ഒരു അംഗീകൃത സർവകലാശാലയിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ സാമ്പത്തിക ശാസ്ത്രത്തിലോ സ്റ്റാറ്റിസ്റ്റിക്സിലോ ഗണിത ശാസ്ത്രത്തിലോ അല്ലെങ്കിൽ സ്റ്റാറ്റിസ്റ്റിക്സ് ഉൾപ്പെടുന്ന വാണിജ്യ ശാസ്ത്രത്തിലോ ഏതെങ്കിലും ഒന്നിലുള്ള ബിരുദം |

| (1) | (2) | (3) | (4) |
|---|---|---|---|
| | | ii. തസ്തികമാറ്റം മുഖേന | ഒരു അംഗീകൃത സർവകലാശാലയിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ സാമ്പത്തിക ശാസ്ത്രത്തിലോ സ്റ്റാറ്റിസ്റ്റിക്സിലോ ഗണിത ശാസ്ത്രത്തിലോ സ്റ്റാറ്റിസ്റ്റിക്സ് ഉൾപ്പെടുന്ന വാണിജ്യ ശാസ്ത്രത്തിലോ ഏതെങ്കിലും ഒന്നിലുള്ള ബിരുദം |

5. നിയമനാധികാരി.— താഴെകൊടുത്തിരിക്കുന്ന പട്ടികയിലെ കോളം (2)-ൽ രേഖപ്പെടുത്തിയിരിക്കുന്നവരായിരിക്കും കോളം (1) ലെ അതാത് കാറ്റഗറിയിലുള്ള വരുടെ നിയമനാധികാരി, അതായത്:—

പട്ടിക

| കാറ്റഗറി | നിയമനാധികാരി |
|---|---|
| (1) | (2) |
| കാറ്റഗറി 1 | ആരോഗ്യവകുപ്പ് ഡയറക്ടർ |
| കാറ്റഗറി 2 ഉം 3 ഉം | സാമ്പത്തിക സ്ഥിതിവിവരകണക്ക് ഡയറക്ടർ |
| കാറ്റഗറി 4 (ഡയറക്ടറേറ്റിൽ) | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ |
| കാറ്റഗറി 4 (ജില്ലാ ഓഫീസുകളിൽ) | ഡെപ്യൂട്ടി ഡയറക്ടർ |

6. പ്രായപരിധി.— നിയമനത്തിനുള്ള അപേക്ഷ ക്ഷണിക്കുന്ന വർഷം ജനുവരി ഒന്നാം തീയതി 19 വയസ് പൂർത്തിയാകാത്തതോ 35 വയസ് പൂർത്തിയായിക്കഴിഞ്ഞതോ ആയ ഒരാളും ഏതൊരു കാറ്റഗറിയിലേക്കുമുള്ള നേരിട്ടുള്ള നിയമനത്തിന് അർഹനായിരിക്കുന്നതല്ല. പട്ടികജാതി/ പട്ടികവർഗ്ഗ/ മറ്റു പിന്നാക്ക വിഭാഗങ്ങളിൽ ഉൾപ്പെടുന്നവർക്ക് ഉയർന്ന പ്രായപരിധിയിൽ സാധാരണ നൽകുന്ന ഇളവ് അനുവദിക്കുന്നതാണ്.

7. നിയമനത്തിനുള്ള സംവരണം.— നേരിട്ടുള്ള നിയമനത്തിന് 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് ചട്ടങ്ങളിലെ ഭാഗം II-ലെ 14 മുതൽ 17 വരെ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന സംവരണ തത്വങ്ങൾ ബാധകമായിരിക്കും.

8. <u>നിരീക്ഷണകാലം.</u>—(1) ഏതൊരു തസ്തികയിലേക്കും നിയമിക്കപ്പെടുന്ന ഓരോ ഉദ്യോഗസ്ഥനും (സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I/സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I/കമ്പ്യൂട്ടർ ഓപ്പറേറ്റർ ഗ്രേഡ്-I/ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ എന്നീ തസ്തികകളിലേക്കും സ്ഥാനക്കയറ്റ നിയമനം ഒഴികെ) അവർ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ നിരീക്ഷണകാലയളവിലായിരിക്കും.—

(എ) നേരിട്ടും, 'തസ്തികമാറ്റം' മുഖേനയും ഉള്ള നിയമനത്തിന് സ്റ്റാറ്റിസ്റ്റിക്കൽ സബോർഡിനേറ്റ് സർവീസിൽ തുടർച്ചയായ മൂന്നു വർഷ കാലയളവിനുള്ളിൽ രണ്ട് വർഷത്തെ സേവനം

(ബി) സ്ഥാനക്കയറ്റം മുഖേനയുള്ള നിയമനത്തിന് സ്റ്റാറ്റിസ്റ്റിക്കൽ സബോർഡിനേറ്റ് സർവീസിൽ തുടർച്ചയായ രണ്ട് വർഷ കാലയളവിനുള്ളിൽ ഒരു വർഷക്കാലത്തെ സേവനം

(2) കാറ്റഗറി 2-ൽ ഉൾപ്പെടുന്ന ഒരു നിരീക്ഷണാർത്ഥി മുമ്പ് സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് II തസ്തികയിലോ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I തസ്തികയിലോ രണ്ടു തസ്തികയിലും കൂടിയോ മൂന്ന് വർഷം ഫീൽഡ് ജോലി ചെയ്തിട്ടില്ലാത്തപക്ഷം നിരീക്ഷണകാലയളവിൽ ഒരു വർഷം സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടറായി ഫീൽഡ് സേവനം ചെയ്തിരിക്കണം. പ്രസ്തുത ഫീൽഡ് സേവനം സ്ഥിതിവിവരകണക്ക് വകുപ്പ് (ജില്ലാ ഓഫീസുകളോ സ്ഥിതിവിവരകണക്ക് താലൂക്ക് ഓഫീസുകളോ) നടത്തുന്ന ഏതെങ്കിലും പ്രധാന ഫീൽഡ് സർവേകളിലായിരിക്കേണ്ടതും ഇതിനുമുമ്പ് അക്കൗണ്ട് ടെസ്റ്റ് (ലോവർ അല്ലെങ്കിൽ ഹയർ) വിജയിച്ചിട്ടില്ലെങ്കിൽ അത് വിജയിക്കേണ്ടതുമാണ്.

(3) ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-I തസ്തികകളിൽ നിന്നും തസ്തികമാറ്റം മുഖേന കാറ്റഗറി 3-ലേക്ക് നിയമിക്കപ്പെട്ട ഒരു നിരീക്ഷണാർത്ഥി പ്രസ്തുത നിരീക്ഷണകാലയളവിനുള്ളിൽ ഒരു വർഷത്തെ ഫീൽഡ് സേവനം സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I തസ്തികയിൽ പൂർത്തീകരിക്കേണ്ടതും ഇതിനുമുമ്പ് മാനുവൽ ഓഫ് ഓഫീസ് പ്രൊസീജിയർ, അക്കൗണ്ട് ടെസ്റ്റ് (ലോവർ അല്ലെങ്കിൽ ഹയർ) എന്നീ പരീക്ഷകൾ വിജിയിച്ചിട്ടില്ലെങ്കിൽ അത് വിജയിക്കേണ്ടതുമാണ്.

9. <u>പരീക്ഷകൾ.</u>—കാറ്റഗറി 4-ലെ ഒരു നിരീക്ഷണാർത്ഥി ഇതിനുമുമ്പ് മാനുവൽ ഓഫ് ഓഫീസ് പ്രൊസീജിയർ പാസായിട്ടില്ലെങ്കിൽ നിരീക്ഷണകാലയളവിനുള്ളിൽ അത് വിജയിക്കേണ്ടതാണ്. കാറ്റഗറി 4-ൽ നിന്ന് കാറ്റഗറി 3-ലേക്കുള്ള സ്ഥാനക്കയറ്റത്തിന് അക്കൗണ്ട് ടെസ്റ്റ് (ലോവർ അല്ലെങ്കിൽ ഹയർ) വിജയിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

ടീക്കാറാം മീണ,
*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

കേരള സാമ്പത്തിക സ്ഥിതിവിവരകണക്ക് സബോർഡിനേറ്റ് സർവീസിനുവേണ്ടിയുള്ള വിശേഷാൽ ചട്ടങ്ങൾ 31-1-1978-ലെ ജി. ഒ. (പി) നമ്പർ 78/78/ജി. എ. ഡി. ഉത്തരവ് പ്രകാരം വീണ്ടും പുറപ്പെടുവിച്ചിട്ടുള്ളതും 1978 ഫെബ്രുവരി 14-ലെ കേരള ഗസറ്റ് നമ്പർ 7-ലെ എസ്. ആർ. ഒ. നമ്പർ 131/78 പ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്. തുടർന്നുള്ള കാലങ്ങളിൽ ചട്ടങ്ങളുടെ ചില വ്യവസ്ഥകളിൽ ഭേദഗതികൾ വരുത്തിയിരുന്നു. മറ്റു ചില വ്യവസ്ഥകൾ കാലഹരണപ്പെടുകയുമുണ്ടായി. കാലാനുസൃതമായുണ്ടായ മാറ്റങ്ങൾ കാരണം മറ്റു ചില വ്യവസ്ഥകളിലും ഭേദഗതികൾ ആവശ്യമായി വന്നു. ഇപ്രകാരം ഭേദഗതികൾ ഉൾക്കൊള്ളുന്നതിനും ആവശ്യമായിടങ്ങളിൽ മറ്റു തുടർ ഭേദഗതികൾ വരുത്തുന്നതിനുമായി ഇത് സംബന്ധിച്ച് നിലവിലുള്ള എല്ലാ ചട്ടങ്ങളേയും അതിലംഘിച്ചുകൊണ്ടും സർക്കാർ ഇപ്രകാരം വിശേഷാൽ ചട്ടങ്ങൾ പുറപ്പെടുവിക്കുവാൻ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

കേരള സർക്കാർ

ആസൂത്രണ-സാമ്പത്തികകാര്യ (ബി) വകുപ്പ്

**വിജ്ഞാപനം**

**ജി. ഒ. (പി) നമ്പർ 10/2009/പ്ലാനിംഗ്** *തിരുവനന്തപുരം, 2009 ഫെബ്രുവരി 20.*

**എസ്.ആർ.ഒ. നമ്പർ 201/2009.** 1968-ലെ കേരള പബ്ലിക് സർവീസസ് ആക്ട് (1968-ലെ 19) വകുപ്പ് 2-ലെ 1-ാം ഉപവകുപ്പ് പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിച്ചു കൊണ്ടും ഈ വിഷയത്തിൽ നിലവിലുള്ള എല്ലാ വിശേഷാൽ ചട്ടങ്ങളേയും അതിലംഘിച്ചുകൊണ്ടും കേരള സാമ്പത്തിക സ്ഥിതിവിവരകണക്ക് സർവീസിനുവേണ്ടി കേരള സർക്കാർ താഴെപ്പറയുന്ന വിശേഷാൽ ചട്ടങ്ങൾ പുറപ്പെടുവിക്കുന്നു, അതായത്:—

**ചട്ടങ്ങൾ**

1. ചുരുക്കപ്പേരും പ്രാരംഭവും.— (1) ഈ ചട്ടങ്ങൾക്ക് 2009-ലെ കേരള സാമ്പത്തിക സ്ഥിതിവിവര കണക്ക് സർവീസ് വിശേഷാൽ ചട്ടങ്ങൾ എന്ന് പേരു പറയാം.

(2) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ഘടന.— ഈ സർവീസ് താഴെപ്പറയുന്ന കാറ്റഗറികളിൽപ്പെട്ട ഉദ്യോഗസ്ഥർ ഉൾപ്പെട്ടതാണ്, അതായത്:

| | | |
|---|---|---|
| കാറ്റഗറി 1 | — | ഡയറക്ടർ |
| കാറ്റഗറി 2 | — | അഡീഷണൽ ഡയറക്ടർ |
| കാറ്റഗറി 3 | — | ജോയിന്റ് ഡയറക്ടർ |
| കാറ്റഗറി 4 (എ) | — | ഡെപ്യൂട്ടി ഡയറക്ടർ |
| കാറ്റഗറി 4 (ബി) | — | നോസോളജിസ്റ്റ്/സ്പെഷ്യലൈസ്ഡ് മെഡിക്കൽസ് സ്റ്റാറ്റിസ്റ്റീഷ്യൻ |
| കാറ്റഗറി 5 | — | അസിസ്റ്റന്റ് ഡയറക്ടർ |
| കാറ്റഗറി 6 | — | ജില്ലാ ഓഫീസർ (സാമ്പത്തികസ്ഥിതിവിവര കണക്ക്/റീജിയണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ) |
| കാറ്റഗറി 7 | — | റിസർച്ച് ഓഫീസർ |
| കാറ്റഗറി 8 | — | അഡീഷണൽ ജില്ലാ ഓഫീസർ (സാമ്പത്തിക സ്ഥിതിവിവരകണക്ക്/പ്രൈസ് സൂപ്പർവൈസറി ഓഫീസർ/സ്ക്രൂട്ടിനി ഓഫീസർ/സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ) |
| കാറ്റഗറി 9 | — | താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ/സീനിയർ സൂപ്പർവൈസർ (കമ്പ്യൂട്ടർ) |

3. നിയമനം.— താഴെ പട്ടികയിൽ കോളം 2-ൽ പറയുന്ന വിവിധ തസ്തികകളിലെ നിയമനം കോളം 3-ൽ നിർദ്ദേശിക്കുന്ന നിയമന രീതിയിൽ ആയിരിക്കും.

പട്ടിക

| കാറ്റഗറി നമ്പർ | കാറ്റഗറി | നിയമന രീതി |
|---|---|---|
| (1) | (2) | (3) |
| 1 | ഡയറക്ടർ | (i) കാറ്റഗറി 2-ൽ നിന്ന് സ്ഥാനക്കയറ്റം മുഖേന<br>(ii) മേൽപ്പറഞ്ഞ ഇനം (i)-ൽ യോഗ്യരായ ഉദ്യോഗസ്ഥരുടെ അഭാവത്തിൽ നേരിട്ടുള്ള നിയമനം |
| 2 | അഡീഷണൽ ഡയറക്ടർ | (i) കാറ്റഗറി 3-ൽ നിന്ന് സ്ഥാനക്കയറ്റം മുഖേന<br>(ii) മേൽപ്പറഞ്ഞ ഇനം (i)-ൽ യോഗ്യരായ ഉദ്യോഗസ്ഥരുടെ അഭാവത്തിൽ നേരിട്ടുള്ള നിയമനം |
| 3 | ജോയിന്റ് ഡയറക്ടർ | (i) കാറ്റഗറി 4(എ)ലും 4(ബി)ലും നിന്ന് സ്ഥാനക്കയറ്റം മുഖേന<br>(ii) മേൽപ്പറഞ്ഞ ഇനം (i)-ൽ യോഗ്യരായ ഉദ്യോഗസ്ഥരുടെ അഭാവത്തിൽ നേരിട്ടുള്ള നിയമനം |
| 4(എ) | ഡെപ്യൂട്ടി ഡയറക്ടർ | (i) കാറ്റഗറി 5ലും 6ലും നിന്ന് സ്ഥാനക്കയറ്റം മുഖേന<br>(ii) മേൽപ്പറഞ്ഞ ഇനം (i)-ൽ യോഗ്യരായ ഉദ്യോഗസ്ഥരുടെ അഭാവത്തിൽ നേരിട്ടുള്ള നിയമനം |

*കുറിപ്പ്:* കാറ്റഗറി 4എ ലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിന് 5, 6 കാറ്റഗറിക്കിടയിലെ പരസ്പര സീനിയോറിറ്റി നിശ്ചയിക്കുന്നത് അതാത് കേഡറിലുള്ള സർവീസ് സീനിയോറിറ്റിയെ അടിസ്ഥാനമാക്കിയായിരിക്കും.

| | | |
|---|---|---|
| 4(ബി) | നോസോളജിസ്റ്റ്/സ്പെഷ്യലൈസ്ഡ് മെഡിക്കൽ സ്റ്റാറ്റിസ്റ്റീഷ്യൻ | കാറ്റഗറി 4(എ) ൽ നിന്ന് തസ്തിക മാറ്റം മുഖേന |

| (1) | (2) | (3) |
|---|---|---|
| 5 | അസിസ്റ്റന്റ് ഡയറക്ടർ | (i) കാറ്റഗറി 7-ൽ നിന്ന് സ്ഥാനക്കയറ്റം മുഖേന (ii) മേൽപ്പറഞ്ഞ ഇനം (i)-ൽ യോഗ്യരായ ഉദ്യോഗസ്ഥരുടെ അഭാവത്തിൽ നേരിട്ടുള്ള നിയമനം |
| 6 | ജില്ലാ ഓഫീസർ (സാമ്പത്തിക സ്ഥിതിവിവരക്കണക്ക്/റീജിയണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ) | കാറ്റഗറി 8-ൽ നിന്ന് സ്ഥാനക്കയറ്റം മുഖേന |
| 7 | റിസർച്ച് ഓഫീസർ | (i) കേരള സാമ്പത്തിക സ്ഥിതി വിവരക്കണക്ക് സബോർഡിനേറ്റ് സർവീസിലെ റിസർച്ച് അസിസ്റ്റന്റ് / സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ/ കമ്പ്യൂട്ടർ സൂപ്പർവൈസർ/ എക്സ്റ്റൻഷൻ ഓഫീസർ (ആസൂത്രണവും മേൽനോട്ടവും) കാറ്റഗറികളിൽ നിന്ന് തസ്തിക മാറ്റം മുഖേന (ii) നേരിട്ടുള്ള നിയമനം മുഖേന |

*കുറിപ്പ്:* – തസ്തികമാറ്റം മുഖേനയുള്ള നിയമനവും നേരിട്ടുള്ള നിയമനവും 2:1 എന്ന അനുപാതത്തിലായിരിക്കും.

| | | |
|---|---|---|
| 8 | അഡീഷണൽ ജില്ലാ ഓഫീസർ (സാമ്പത്തിക സ്ഥിതിവിവരണക്ക്)/ പ്രൈസ് സൂപ്പർവൈസറി ഓഫീസർ/ സ്ക്രൂട്ടിനി ഓഫീസർ/സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ | കാറ്റഗറി 9 ൽ നിന്നും സ്ഥാനക്കയറ്റം മുഖേന |
| 9 | താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ/ സീനിയർ സൂപ്പർവൈസർ (കമ്പ്യൂട്ടർ) | കേരള സാമ്പത്തിക സ്ഥിതി വിവരകണക്ക് സബോർഡിനേറ്റ് സർവീസിലെ റിസർച്ച് അസിസ്റ്റന്റ് / സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ/ കമ്പ്യൂട്ടർ സൂപ്പർവൈസർ/ എക്സ്റ്റൻഷൻ ഓഫീസർ (ആസൂത്രണവും മേൽനോട്ടവും) കാറ്റഗറികളിൽ നിന്ന് തസ്തിക മാറ്റം മുഖേന |

4. യോഗ്യത താഴെ പട്ടികയിൽ കോളം (1)-ൽ പ്രത്യേകം പറഞ്ഞിട്ടുള്ള കാറ്റഗറികളിലേക്ക് കോളം (2) ൽ പ്രത്യേകം പറഞ്ഞിട്ടുള്ള നിയമനരീതി പ്രകാരമുള്ള നിയമനത്തിന് അതിനനുസൃതമായി കോളം (3)-ൽ പ്രത്യേകം പറഞ്ഞിട്ടുള്ള യോഗ്യത നേടിയിട്ടില്ലാത്ത ആരും തന്നെ അർഹരായിരിക്കുന്നതല്ല, അതായത്:

പട്ടിക

| കാറ്റഗറി | നിയമന രീതി | യോഗ്യത |
|---|---|---|
| (1) | (2) | (3) |
| 1. സാമ്പത്തിക സ്ഥിതിവിവരകണക്ക് ഡയറക്ടർ | (i) സ്ഥാനക്കയറ്റം മുഖേന<br>(ii) നേരിട്ടുള്ള നിയമനം മുഖേന | 1 (എ) സാമ്പത്തിക ശാസ്ത്രത്തിലോ സ്റ്റാറ്റിസ്റ്റിക്സിലോ ഗണിത ശാസ്ത്രത്തിലോ വാണിജ്യ ശാസ്ത്രത്തിലോ (ബിരുദതലത്തിൽ സ്റ്റാറ്റിസ്റ്റിക്സ് ഒരു വിഷയമായിട്ടുള്ള പഠനം) ഒരു അംഗീകൃത സർവകലാശാലയിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ ഉള്ള ഡോക്ടറേറ്റും.<br><br>(ബി) അംഗീകൃത സർവകലാശാലയിൽ നിന്നോ സർക്കാർ വകുപ്പുകളിൽ നിന്നോ സാമ്പത്തിക ശാസ്ത്രത്തിലോ സ്റ്റാറ്റിസ്റ്റിക്കൽ ജോലിയിലോ ഉള്ള 8 വർഷത്തെ പരിചയം<br><br>അല്ലെങ്കിൽ<br><br>2 (എ) സാമ്പത്തിക ശാസ്ത്രത്തിലോ സ്റ്റാറ്റിസ്റ്റിക്സിലോ ഗണിത ശാസ്ത്രത്തിലോ (ബിരുദതലത്തിലെങ്കിലും സ്റ്റാറ്റിസ്റ്റിക്സ് ഒരു വിഷയമായിട്ടുള്ള പഠനം) ഒരു അംഗീകൃത സർവകലാശാലയിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ ഒന്നാം ക്ലാസിലുള്ള ബിരുദാനന്തര ബിരുദവും |

| (1) | (2) | (3) |
| --- | --- | --- |
| | | (ബി) അംഗീകൃത സർവകലാശാലയിൽ നിന്നോ സർക്കാർ വകുപ്പുകളിൽ നിന്നോ സാമ്പത്തിക ശാസ്ത്രത്തിലോ സ്റ്റാറ്റിസ്റ്റിക്കൽ ജോലിയിലോ ഉള്ള 10 വർഷത്തെ പരിചയവും<br>3. നിയമനത്തിനായി അപേക്ഷകൾ ക്ഷണിക്കുന്ന വർഷം ജനുവരി ഒന്നാം തീയതിയിൽ 35 വയസ് തികഞ്ഞിരിക്കേണ്ടതും 45 വയസ് തികയാൻ പാടില്ലാത്തതുമാണ്. |
| 2. അഡീഷണൽ ഡയറക്ടർ | (i) സ്ഥാനക്കയറ്റം മുഖേന | |
| | (ii) നേരിട്ടുള്ള നിയമനം മുഖേന | 1 (എ) സാമ്പത്തിക ശാസ്ത്രത്തിലോ സ്റ്റാറ്റിസ്റ്റിക്സിലോ ഗണിത ശാസ്ത്രത്തിലോ വാണിജ്യ ശാസ്ത്രത്തിലോ (ബിരുദതലത്തിൽ സ്റ്റാറ്റിസ്റ്റിക്സ് ഒരു വിഷയമായിട്ടുള്ള പഠനം) ഒരു അംഗീകൃത സർവകലാശാലയിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ ലഭിച്ച ഡോക്ടറേറ്റും.<br>(ബി) അംഗീകൃത സർവകലാശാലയിലോ സർക്കാർ വകുപ്പുകളിലോ സാമ്പത്തിക ശാസ്ത്രത്തിലോ അല്ലെങ്കിൽ സ്റ്റാറ്റിസ്റ്റിക്കൽ ജോലിയിലോ ഉള്ള 6 വർഷത്തെ പരിചയം<br>അല്ലെങ്കിൽ |

| (1) | (2) | (3) |
|---|---|---|
| | | 2 (എ) സാമ്പത്തിക ശാസ്ത്രത്തിലോ സ്റ്റാറ്റിസ്റ്റിക്സിലോ ഗണിത ശാസ്ത്രത്തിലോ (ബിരുദതലത്തിലെങ്കിലും സ്റ്റാറ്റിസ്റ്റിക്സ് ഒരു വിഷയമായിട്ടുള്ള പഠനം) എന്നിവയിൽ ഏതെങ്കിലും വിഷയത്തിൽ ഒരു അംഗീകൃത സർവകലാശാലയിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ ഒന്നാം ക്ലാസിലുള്ള ബിരുദാനന്തരബിരുദം.<br><br>കൂടാതെ,<br><br>(ബി) ഏതെങ്കിലും അംഗീകൃത സർവകലാശാലയിലോ സർക്കാർ വകുപ്പുകളിലോ നിന്ന് സാമ്പത്തിക ശാസ്ത്രത്തിലോ സ്റ്റാറ്റിസ്റ്റിക്കൽ ജോലിയിലോ 8 വർഷത്തെ പരിചയം<br><br>3. നിയമനത്തിനായി അപേക്ഷകൾ ക്ഷണിക്കുന്ന വർഷം ജനുവരി ഒന്നാം തീയതിയിൽ 30 വയസ് തികഞ്ഞിരിക്കേണ്ടതും 45 വയസ് തികയാൻ പാടില്ലാത്തതുമാണ്. |
| 3. ജോയിന്റ് ഡയറക്ടർ | (i) സ്ഥാനക്കയറ്റം മുഖേന<br>(ii) നേരിട്ടുള്ള നിയമനം മുഖേന | <br>1 (എ) സാമ്പത്തിക ശാസ്ത്രത്തിലോ സ്റ്റാറ്റിസ്റ്റിക്സിലോ ഗണിത ശാസ്ത്രം അല്ലെങ്കിൽ വാണിജ്യ ശാസ്ത്രത്തിലോ (ബിരുദതലത്തിലെങ്കിലും സ്റ്റാറ്റിസ്റ്റിക്സ് ഒരു വിഷയമായിട്ടുള്ള പഠനം) എന്നിവയിലേതെങ്കിലും വിഷയത്തിൽ ഒരു അംഗീകൃത സർവകലാശാലയിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ ഉള്ള ഡോക്ടറേറ്റ്, |

| (1) | (2) | (3) |
|---|---|---|
| | | കൂടാതെ,<br>(ബി) ഏതെങ്കിലും അംഗീകൃത സർവകലാശാലയിലോ സർക്കാർ വകുപ്പുകളിലോ സാമ്പത്തിക ശാസ്ത്രത്തിലോ സ്റ്റാറ്റിസ്റ്റിക്കൽ ജോലിയിൽ 5 വർഷത്തെ പരിചയം<br>അല്ലെങ്കിൽ<br>2 (എ) സാമ്പത്തിക ശാസ്ത്ര ത്തിലോ സ്റ്റാറ്റിസ്റ്റിക്സിലോ ഗണിത ശാസ്ത്രത്തിലോ (ബിരുദതലത്തിൽ സ്റ്റാറ്റിസ്റ്റിക്സ് ഒരു വിഷയമായിട്ടുള്ള പഠനം) എന്നിവയിൽ ഏതെങ്കിലും വിഷയത്തിൽ ഒരു അംഗീകൃത സർവകലാശാലയിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ ഒന്നാം ക്ലാസ്സ് അല്ലെങ്കിൽ രണ്ടാം ക്ലാസ്സ് ബിരുദാനന്തരബിരുദം.<br>കൂടാതെ,<br>(ബി) ഏതെങ്കിലും അംഗീകൃത സർവകലാശാലയിലോ സർക്കാർ വകുപ്പുകളിലോ നിന്നുള്ള സാമ്പത്തിക ശാസ്ത്ര ത്തിലോ സ്റ്റാറ്റിസ്റ്റിക്കൽ ജോലി യിലെ 7 വർഷത്തെ പരിചയം<br>3. നിയമനത്തിനായി അപേക്ഷ ക്ഷണിക്കുന്ന വർഷം ജനുവരി ഒന്നാം തീയതിയിൽ 30 വയസ് തികഞ്ഞിരിക്കേണ്ടതും 45 വയസ് തികയാൻ പാടില്ലാത്തതുമാണ്. |

| (1) | (2) | | (3) |
|---|---|---|---|
| 4 | (എ) ഡെപ്യൂട്ടി ഡയറക്ടർ | (i) സ്ഥാനക്കയറ്റം മുഖേന | ഒരു അംഗീകൃത സർവകലാശാലയിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ സാമ്പത്തിക ശാസ്ത്രത്തിലോ സ്റ്റാറ്റിസ്റ്റിക്സിലോ ഗണിത ശാസ്ത്രത്തിലോ വാണിജ്യ ശാസ്ത്രത്തിലോ (ബിരുദതലത്തിലെങ്കിലും സ്റ്റാറ്റിസ്റ്റിക്സ് ഒരു വിഷയമായിട്ടുള്ള പഠനം) ഉള്ള ബിരുദാനന്തര ബിരുദം. |
| | | (ii) നേരിട്ടുള്ള നിയമനം മുഖേന | 1 (എ) സാമ്പത്തിക ശാസ്ത്രത്തിലോ സ്റ്റാറ്റിസ്റ്റിക്സിലോ ഗണിത ശാസ്ത്രത്തിലോ അല്ലെങ്കിൽ വാണിജ്യ ശാസ്ത്രത്തിലോ (ബിരുദതലത്തിലെങ്കിലും സ്റ്റാറ്റിസ്റ്റിക്സ് ഒരു വിഷയമായിട്ടുള്ള പഠനം) എന്നിവയിലേതെങ്കിലും ഒരു അംഗീകൃത സർവകലാശാലയിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ ഉള്ള ഡോക്ടറേറ്റ്,<br>കൂടാതെ,<br>(ബി) ഏതെങ്കിലും അംഗീകൃത സർവകലാശാലയിലോ സർക്കാർ വകുപ്പുകളിലോ നിന്ന് സാമ്പത്തിക ശാസ്ത്രത്തിലോ സ്റ്റാറ്റിസ്റ്റിക്കൽ ജോലിയിലോ ഉള്ള 4 വർഷത്തെ പരിചയം<br>2 (എ) സാമ്പത്തിക ശാസ്ത്രത്തിലോ സ്റ്റാറ്റിസ്റ്റിക്സിലോ ഗണിത ശാസ്ത്രത്തിലോ (ബിരുദതലത്തിലെങ്കിലും സ്റ്റാറ്റിസ്റ്റിക്സ് ഒരു വിഷയമായിട്ടുള്ള പഠനം) |

| (1) | (2) | (3) |
|---|---|---|
| | | ഒരു അംഗീകൃത സർവകലാശാല യിലോ സർക്കാർ സ്ഥാപന ത്തിലോ നിന്ന് ഒന്നാം ക്ലാസ്സ് അല്ലെങ്കിൽ രണ്ടാം ക്ലാസ്സിലുള്ള ബിരുദാനന്തരബിരുദം.<br><br>കൂടാതെ,<br><br>(ബി) ഏതെങ്കിലും അംഗീകൃത സർവകലാശാലയിലോ സർക്കാർ വകുപ്പുകളിലോ നിന്ന് സാമ്പത്തിക ശാസ്ത്ര ത്തിലോ സ്റ്റാറ്റിസ്റ്റിക്കൽ ജോലി യിലോ ആറ് വർഷത്തെ പരിചയം<br><br>3. നിയമനത്തിനായി അപേക്ഷ ക്ഷണിക്കുന്ന വർഷം ജനുവരി ഒന്നാം തീയതിയിൽ 30 വയസ് തികഞ്ഞിരിക്കേണ്ടതും 43 വയസ് തികയാൻ പാടില്ലാത്തതുമാണ്. |
| 4 (ബി) നോസോളജിസ്റ്റ്/ സ്പെഷ്യലൈസ്ഡ് മെഡിക്കൽസ് സ്റ്റാറ്റിസ്റ്റീഷ്യൻ | തസ്തികമാറ്റം മുഖേന | 1. ആരോഗ്യവകുപ്പിൽ ഡെമോഗ്രാഫർ തസ്തികയിൽ ഒരു വർഷത്തെ പ്രവൃത്തി പരിചയം (സാമ്പത്തികസ്ഥിതി വിവരകണക്ക് വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടറുടെ കേഡറിൽ)<br><br>അല്ലെങ്കിൽ<br><br>2. ആരോഗ്യ വകുപ്പിൽ ഹെൽത്ത് സ്റ്റാറ്റിസ്റ്റിഷ്യൻ തസ്തികയിൽ സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിൽ റിസർച്ച് ഓഫീസറുടെ കേഡറിൽ ഒരു വർഷത്തെ പ്രവൃത്തി പരിചയം. |

| (1) | (2) | (3) |
|---|---|---|
| | | അല്ലെങ്കിൽ<br>3. റീജിയണൽ ഹെൽത്ത് സ്റ്റാറ്റിസ്റ്റിക്സ് ട്രെയിനിംഗ് സെന്റർ, സെൻട്രൽ ബ്യൂറോ ഓഫ് ഹെൽത്ത് ഇന്റലിജൻസ് എന്നിവയുടെ ഏതെങ്കിലും പരിശീലന കേന്ദ്രങ്ങളിൽ നിന്ന് ഐ.. സി. ഡി. 10 കോഡിംഗിൽ നോൺ മെഡിക്കൽ പ്രൊഫഷണലുകൾക്ക് ഹെൽത്ത് സ്റ്റാറ്റിസ്റ്റിക്സിൽ നൽകുന്ന കുറഞ്ഞത് 15 ദിവസത്തെ പരിശീലനം |
| 5. അസിസ്റ്റന്റ് ഡയറക്ടർ | (i) സ്ഥാനക്കയറ്റം മുഖേന<br>(ii)നേരിട്ടുള്ള നിയമനം മുഖേന | 1. ഒരു അംഗീകൃത സർവകലാശാലയിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ സാമ്പത്തിക ശാസ്ത്രത്തിലോ സ്റ്റാറ്റിസ്റ്റിക്സിലോ ഗണിത ശാസ്ത്രത്തിലോ (ബിരുദതലത്തിലെങ്കിലും സ്റ്റാറ്റി സ്റ്റിക്സ് ഒരു വിഷയമായിട്ടുള്ള പഠനം) ഉള്ള ഒന്നാം ക്ലാസ്സ് അല്ലെങ്കിൽ രണ്ടാംക്ലാസ്സ് ബിരുദാനന്തര ബിരുദം<br>2. ഏതെങ്കിലും സർക്കാർ വകുപ്പുകളിലോ അംഗീകൃത സർവകലാശാലയിലോ നിന്ന് സാമ്പത്തിക ശാസ്ത്രത്തിലോ സ്റ്റാറ്റിസ്റ്റിക്കൽ ജോലിയിലോ 3 വർഷത്തെ പ്രവൃത്തി പരിചയം<br>3. നിയമനത്തിനായി അപേക്ഷക്ഷണിക്കുന്ന വർഷം ജനുവരി ഒന്നാം തീയതിയിൽ 25 വയസ് തികഞ്ഞിരിക്കേണ്ടതും 43 വയസ് തികയാൻ പാടില്ലാത്തതുമാണ്. |

| (1) | (2) | (3) |
|---|---|---|
| 6. ജില്ലാ ഓഫീസർ (സാമ്പത്തിക സ്ഥിതിവിവരകണക്ക്)/ റീജിയണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ | (i) സ്ഥാനക്കയറ്റം മുഖേന | |
| 7. റിസർച്ച് ഓഫീസർ | (i) തസ്തികമാറ്റം മുഖേന | ഏതെങ്കിലും ഒരു അംഗീകൃത സർവകലാശാലയിൽ നിന്നോ, സ്ഥാപനത്തിൽ നിന്നോ സാമ്പത്തിക ശാസ്ത്രത്തിലോ സ്റ്റാറ്റിസ്റ്റിക്സിലോ ഗണിത ശാസ്ത്രത്തിലോ വാണിജ്യ ശാസ്ത്രത്തിലോ (ബിരുദതലത്തിലെങ്കിലും സ്റ്റാറ്റിസ്റ്റിക്സ് ഒരു വിഷയമായിട്ടുള്ള പഠനം) ബിരുദാനന്തര ബിരുദം. |
| | (ii) നേരിട്ടുള്ള നിയമനം മുഖേന | 1. ഏതെങ്കിലും ഒരു അംഗീകൃത സർവകലാശാലയിൽ നിന്നോ, സ്ഥാപനത്തിൽ നിന്നോ സാമ്പത്തിക ശാസ്ത്രത്തിലോ ഗണിത ശാസ്ത്രത്തിലോ (ബിരുദതലത്തിലെങ്കിലും സ്റ്റാറ്റിസ്റ്റിക്സ് ഒരു വിഷയമായിട്ടുള്ള പഠനം) സ്റ്റാറ്റിസ്റ്റിക്സിലോ ഒന്നാം ക്ലാസ്സ് അല്ലെങ്കിൽ രണ്ടാം ക്ലാസ്സ് ബിരുദാനന്തര ബിരുദം.<br>2. നിയമനത്തിനായി അപേക്ഷ ക്ഷണിക്കുന്ന വർഷം ജനുവരി ഒന്നാം തീയതിയിൽ 20 വയസ് തികഞ്ഞിരിക്കേണ്ടതും 35 വയസ് തികയാൻ പാടില്ലാത്തതുമാണ്. |

| (1) | (2) | (3) |
|---|---|---|
| 8. അഡീഷണൽ ജില്ലാ ഓഫീസർ (സാമ്പത്തിക സ്ഥിതി വിവരകണക്ക്)/പ്രൈസ് സൂപ്പർവൈസറി ഓഫീസർ/സ്ക്രൂട്ടിനി ഓഫീസർ/സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ | സ്ഥാനക്കയറ്റം മുഖേന | |
| 9. താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ/സീനിയർ സൂപ്പർവൈസർ (കമ്പ്യൂട്ടർ) | തസ്തികമാറ്റം മുഖേന | |

*കുറിപ്പ്* :— (1) ബിരുദാനന്തര ബിരുദ യോഗ്യതയുള്ള റിസർച്ച് അസിസ്റ്റന്റ്/സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ/കമ്പ്യൂട്ടർ സൂപ്പർവൈസർ/എക്സ്റ്റൻഷൻ ഓഫീസർ (ആസൂത്രണവും മേൽനോട്ടവും) എന്നിവർക്ക് റിസർച്ച് ഓഫീസർ അല്ലെങ്കിൽ താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ തസ്തികയിലേക്കുള്ള തസ്തികമാറ്റം മുഖേനയുള്ള നിയമനം താത്പര്യത്തിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കാവുന്നതാണ്. തിരഞ്ഞെടുക്കുന്നതിന് മുമ്പ് ഓരോരുത്തരും താൽപര്യപത്രം സമർപ്പിക്കേണ്ടതുണ്ട്. ഒരിക്കൽ സമർപ്പിച്ച താൽപര്യപത്രം അന്തിമമായിരിക്കുന്നതും മറ്റൊരു തിരഞ്ഞെടുപ്പ് അനുവദിക്കുന്നതുമല്ല.

(2) കാറ്റഗറി 1 ഒഴികെയുള്ള തസ്തികകളിലേക്ക് സ്ഥാനക്കയറ്റം മുഖേനയോ തസ്തികമാറ്റം മുഖേനയോയുള്ള നിയമനം ഉദ്യോഗസ്ഥരുടെ കഴിവും യോഗ്യതയും അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ള സെലക്ട് ലിസ്റ്റിൽ നിന്ന് അർഹതയുടെ അടിസ്ഥാനത്തിലായിരിക്കും. കഴിവും യോഗ്യതയും ഏകദേശം തുല്യമായി വരുന്ന ഘട്ടത്തിൽ മാത്രം അവരുടെ സീനിയോറിറ്റി കൂടി കണക്കിലെടുക്കുന്നതായിരിക്കും.

5. <u>നിയമനാധികാരി.</u> കാറ്റഗറി 1 മുതൽ 7 വരെയുള്ള നിയമനങ്ങൾക്ക് നിയമനാധികാരി സർക്കാർ ആയിരിക്കും. കാറ്റഗറി 8നും 9നും ഡയറക്ടറായിരിക്കും നിയമനാധികാരി.

6. <u>നിരീക്ഷണകാലം.</u> (എ) ഏതൊരു തസ്തികയിലേക്കും നിയമിക്കപ്പെടുന്ന എല്ലാ വ്യക്തിയും അവൻ/അവർ ജോലിക്ക് ഹാജരാകുന്ന തീയതി മുതൽ നിരീക്ഷണകാലത്തിലായിരിക്കും.

(i) നേരിട്ടോ തസ്തികമാറ്റം വഴിയോ നിയമിക്കപ്പെട്ടാൽ (നേരിട്ടുള്ള നിയമനം സാധ്യമായ) തുടർച്ചയായ മൂന്ന് വർഷത്തിനുള്ളിൽ രണ്ടു വർഷത്തെ സേവനം.

(ii) ഉദ്യോഗക്കയറ്റമോ തസ്തികമാറ്റം വഴിയോ നിയമിക്കപ്പെട്ടാൽ (നേരിട്ടുള്ള നിയമനം സാധ്യമല്ലാത്ത) തുടർച്ചയായ രണ്ട് വർഷത്തിനുള്ളിൽ ഒരു വർഷത്തെ സേവനം.

(ബി) കാറ്റഗറി 7-റിസർച്ച് ഓഫീസർ തസ്തികയിലേക്ക് നേരിട്ടുള്ള നിയമനം വഴി നിയമിക്കപ്പെടുന്ന ഓരോ വ്യക്തിയും ജില്ലാ ഓഫീസുകളിൽ (സാമ്പത്തികസ്ഥിതി വിവരകണക്ക്) നിരീക്ഷണകാലത്തിനുള്ളിൽ ആറു മാസത്തെ ഫീൽഡ് സേവനം അനുഷ്ഠിക്കണം. എന്നിരുന്നാലും ഈ ചട്ടങ്ങൾ നിലവിൽവന്ന തീയതിക്കോ അതിനു മുൻപോ കാറ്റഗറി 7 ലേക്ക് നിയമിക്കപ്പെട്ട വ്യക്തികൾക്ക് ഉപചട്ടം (ബി) യിലെ വ്യവസ്ഥകൾ ബാധകമാകുന്നതല്ല.

7. <u>നിയമനത്തിലുള്ള സംവരണം.</u> നേരിട്ടുള്ള നിയമനങ്ങൾ 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് ചട്ടങ്ങൾ ഭാഗം II-ലെ 14 മുതൽ 17 വരെയുള്ള ചട്ടങ്ങളിലെ നിയമന സംവരണം സംബന്ധിച്ച ചട്ടങ്ങളാണ് ഈ സർവീസിലേക്കുള്ള നേരിട്ടുള്ള നിയമനങ്ങൾക്ക് ബാധകമായിട്ടുള്ളത്.

8. <u>പരീക്ഷ.</u> 1, 2, 3, 4(എ), 5, 7 എന്നി കാറ്റഗറികളിലേക്ക് നേരിട്ട് നിയമിച്ചിട്ടുള്ള ഇതേ നിരീക്ഷണാർത്ഥിയും നേരത്തേ പരീക്ഷ പാസാകാത്തപക്ഷം നിരീക്ഷണകാലയ ളവിനുള്ളിൽ എക്സിക്യൂട്ടീവ് ഓഫീസർമാർക്കുള്ള അക്കൗണ്ട് ടെസ്റ്റ് അല്ലെങ്കിൽ അക്കൗണ്ട് ടെസ്റ്റ് (ലോവർ അല്ലെങ്കിൽ ഹയർ) വിജയിച്ചിരിക്കണം.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

ടീക്കാറാം മീണ,
*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

കേരള സാമ്പത്തിക സ്ഥിതിവിവരകണക്ക് സർവീസിന് വേണ്ടിയുള്ള വിശേഷാൽ ചട്ടങ്ങൾ 3-3-1967-ലെ ജി. ഒ. (പി) നമ്പർ 82/67/പി. ഡി. ഉത്തരവ് പ്രകാരം 1967-ൽ പുറപ്പെടുവിച്ചിട്ടുള്ളതാണ്. തുടർന്നുള്ള കാലങ്ങളിൽ ചട്ടങ്ങളിലെ വിവിധ വ്യവസ്ഥ കളിൽ വളരെയധികം ഭേദഗതികൾ വരുത്തിയിരുന്നു. ചില കാറ്റഗറികൾ നീക്കം ചെയ്യുകയും ചിലത് പുതുതായി ഉൾപ്പെടുത്തുകയും ചെയ്തു. ഇതിലെ ചില വ്യവസ്ഥകൾ ഭേദഗതി വരുത്തണമെന്ന് സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടർ നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ഭേദഗതികൾ ഉൾക്കൊള്ളിക്കുന്നതിനും ആവശ്യമായിടത്ത് മറ്റു ഭേദഗതികൾ വരുത്തുന്നതിനും ഇത് സംബന്ധിച്ച് നിലവിലുള്ള എല്ലാ ചട്ടങ്ങളേയും അതിലംഘിച്ചുകൊണ്ട് ഇപ്രകാരം വിശേഷാൽ ചട്ടങ്ങൾ പുറപ്പെടുവിക്കുവാൻ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

## കേരള സർക്കാർ

## ആസൂത്രണ-സാമ്പത്തികകാര്യ (ബി) വകുപ്പ്

### വിജ്ഞാപനം

**ജി. ഒ. (പി) നം. 6/2012/പ്ലാനിംഗ്** *തിരുവനന്തപുരം. 2012 ഫെബ്രുവരി 17.*

**എസ്.ആർ.ഒ. നമ്പർ 142/2012.** 1968-ലെ കേരള പബ്ലിക് സർവീസസ് ആക്ട് (1968-ലെ 19) വകുപ്പ് 2-ലെ ഉപവകുപ്പ് (1) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതും 3-3-2009-ലെ കേരള ഗസറ്റ് നമ്പർ 9-ലെ ഭാഗം 1-ൽ എസ്. ആർ. ഒ. നമ്പർ 200/2009 ആയി പ്രസിദ്ധീകരിച്ചതുമായ 20-2-2009-ലെ ജി. ഒ. (പി) 9/2009/പ്ലാനിംഗ് നമ്പരായി പുറപ്പെടുവിച്ചിട്ടുള്ള 2009-ലെ കേരള സാമ്പത്തിക സ്ഥിതിവിവരകണക്ക് സബോർഡിനേറ്റ് സർവീസ് വിശേഷാൽ ചട്ടങ്ങൾക്ക് ഭേദഗതി വരുത്തിക്കൊണ്ട് കേരള സർക്കാർ താഴെ പറയുന്ന ചട്ടങ്ങൾ രൂപപ്പെടുത്തുന്നു, അതായത്:—

### ചട്ടങ്ങൾ

1. <u>ചുരുക്കപ്പേരും പ്രാരംഭവും.</u> (1) ഈ ചട്ടങ്ങൾക്ക് 2012-ലെ കേരള സാമ്പത്തിക സ്ഥിതിവിവര കണക്ക് സബോർഡിനേറ്റ് സർവീസ് (ഭേദഗതി) വിശേഷാൽ ചട്ടങ്ങൾ എന്ന് പേരു പറയാം.

(2) 2009 മാർച്ച് 3-ാം തീയതി മുതൽ ഈ ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്നതാണ്.

2. <u>ചട്ടങ്ങളിലെ ഭേദഗതി.</u> 2009-ലെ കേരള സാമ്പത്തിക സ്ഥിതിവിവര കണക്ക് സബോർഡിനേറ്റ് സർവീസ് വിശേഷാൽ ചട്ടങ്ങളിൽ.

(i) ചട്ടം 3-ന് താഴെയുള്ള പട്ടികയിലെ കാറ്റഗറി 3-ന് എതിരെ കോളം (3)ലെ ഉൾക്കുറിപ്പുകൾക്ക് താഴെ,

(എ) കുറിപ്പ് (1)-ൽ "കൊമേഴ്സ്യൽ സ്റ്റാറ്റിസ്റ്റിക്സ്" എന്ന വാക്കുകൾക്ക് പകരം "സ്റ്റാറ്റിസ്റ്റിക്സ് ഉൾപ്പെടുന്ന വാണിജ്യശാസ്ത്രം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(ബി) കുറിപ്പ് (3)-ൽ "Appoitment" എന്ന അക്ഷരപിശക് "Appointment" എന്ന് തിരുത്തേണ്ടതാണ്.

(ii) ചട്ടം 4-ന് കീഴിലുള്ള പട്ടികയിൽ കാറ്റഗറി 2-ന് താഴെ 2-ാം കോളത്തിൽ "Computor" എന്ന അക്ഷരപിശക് "Computer" എന്ന് തിരുത്തേണ്ടതാണ്.

(iii) ചട്ടം 9-ൽ താഴെ പറയുന്ന വ്യവസ്ഥ ചേർക്കേണ്ടതാണ്, അതായത്:—
"എന്നാൽ കാറ്റഗറി 3, 4 വിഭാഗങ്ങളിൽ ഉൾപ്പെടുന്ന വ്യക്തികളെ സംബന്ധിച്ച് അവർ 20-2-2009-ന് പരീക്ഷാ യോഗ്യതകളായ അക്കൗണ്ട് ടെസ്റ്റ് (ലോവർ

അല്ലെങ്കിൽ ഹയർ) കരസ്ഥമാക്കിയിട്ടില്ലെങ്കിൽ ആ തീയതി മുതൽ 2 വർഷത്തിനകം അത്തരം പരീക്ഷായോഗ്യത ആർജ്ജിക്കേണ്ടതാണ്". എന്നിരുന്നാലും ഏതെങ്കിലും അങ്ങനെയുള്ള വ്യക്തി അപ്രകാരമുള്ള പരീക്ഷായോഗ്യത നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കരസ്ഥമാക്കാൻ കഴിയാതെ വന്നാൽ തരംതാഴ്ത്തുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

സുബ്രത ബിശ്വാസ്,

*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

3-3-2009-ലെ 9-ാം നമ്പർ കേരള ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 200/2009 ആയി പ്രസിദ്ധീകരിച്ച 20-2-2009-ലെ ജി. ഒ. (പി) 09/09/പ്ലാനിംഗ് നമ്പർ ഉത്തരവു പ്രകാരം, അക്കൗണ്ട് ടെസ്റ്റ് വിജയിച്ച ജീവനക്കാർക്ക് മാത്രമേ കാറ്റഗറി 4-ൽ നിന്ന് കാറ്റഗറി 3-ലേക്ക് ഉദ്യോഗക്കയറ്റത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ. മേൽപ്പറഞ്ഞ വിശേഷാൽ ചട്ടം നിലവിൽ വരുന്നതിന് മുമ്പ് അക്കൗണ്ട് ടെസ്റ്റ് വിജയിക്കേണ്ടത് നിരീക്ഷണകാലം പൂർത്തിയാക്കുന്നതിലേക്ക് മാത്രമായതിനാൽ, അക്കൗണ്ട് ടെസ്റ്റ് വിജയിക്കാത്ത ചില ജീവനക്കാർക്ക് കാറ്റഗറി 4-ൽ നിന്ന് കാറ്റഗറി 3-ലേക്ക് ഉദ്യോഗക്കയറ്റം നൽകിയിരുന്നു. പുതിയ വിശേഷാൽ ചട്ടം പ്രാബല്യത്തിൽ വന്നതോടുകൂടി കാറ്റഗറി 4-ൽ നിന്ന് കാറ്റഗറി 3-ലേക്ക് ഉദ്യോഗക്കയറ്റത്തിന് അക്കൗണ്ട് ടെസ്റ്റ് വിജയിക്കുക എന്നത് നിർബന്ധമായി. അതിനാൽ കാറ്റഗറി 3, 4 എന്നിവയിൽ ഉൾപ്പെടുന്ന അക്കൗണ്ട് ടെസ്റ്റ് വിജയിക്കാത്തവർക്ക് അക്കൗണ്ട് ടെസ്റ്റ് വിജയം നേടാൻ രണ്ടു വർഷത്തെ സമയപരിധി, അതായത് 20-2-2011 വരെ അനുവദിക്കുവാൻ സർക്കാർ തീരുമാനിച്ചു. ഇതിനുപുറമേ വിശേഷാൽ ചട്ടങ്ങൾ ഗസറ്റിൽ പ്രസിദ്ധീകരിച്ച വേളയിൽ കടന്നുകൂടിയ ചില തെറ്റുകൾ തിരുത്തപ്പെടേണ്ടതുണ്ട്.

ഈ വിജ്ഞാപനം മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.

കേരള സർക്കാർ

ആസൂത്രണ-സാമ്പത്തികകാര്യ (ബി) വകുപ്പ്

**വിജ്ഞാപനം**

**ജി. ഒ. (പി) നമ്പർ 7/2012/പ്ലാനിംഗ്** *തിരുവനന്തപുരം, 2012 ഫെബ്രുവരി 17.*

**എസ്.ആർ.ഒ. നമ്പർ 143/2012.**—1968-ലെ കേരള പബ്ലിക് സർവീസസ് ആക്ട് (1968-ലെ 19) വകുപ്പ് 2-ലെ ഉപവകുപ്പ് (1) പ്രകാരം 20-2-2009-ലെ സ.ഉ.(പി)10/2009/ പ്ലാനിംഗ് നമ്പർ ആയി പുറപ്പെടുവിച്ചിട്ടുള്ളതും 3-3-2009 ലെ കേരള ഗസറ്റ് നമ്പർ 9-ലെ ഭാഗം 1-ൽ എസ്. ആർ. ഒ. നമ്പർ 201/2009 ആയി പ്രസിദ്ധീകരിച്ചതുമായ 2009 -ലെ കേരള സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വിശേഷാൽ ചട്ടങ്ങൾക്ക് ഭേദഗതികൾ വരുത്തിക്കൊണ്ട് കേരള സർക്കാർ താഴെ പറയുന്ന ചട്ടങ്ങൾ രൂപപ്പെടുത്തുന്നു, അതായത്:

**ചട്ടങ്ങൾ**

1. <u>ചുരുക്കപ്പേരും പ്രാരംഭവും.</u>—(1) ഈ ചട്ടങ്ങൾക്ക് 2012-ലെ കേരള സാമ്പത്തിക സ്ഥിതിവിവരക്കണക്ക് സർവീസസ് (ഭേദഗതി) വിശേഷാൽ ചട്ടങ്ങൾ എന്ന പേരു പറയാം.

(2) 2009 മാർച്ച് 3 മുതൽ ഈ ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്നതാണ്.

2. <u>ചട്ടങ്ങളിലെ ഭേദഗതി.</u>—2009-ലെ കേരള സാമ്പത്തിക സ്ഥിതിവിവരക്കണക്ക് സർവീസസ് വിശേഷാൽ ചട്ടങ്ങളിൽ,—

(1) ചട്ടം 4-ലെ പട്ടികയിൽ,—

(എ) കാറ്റഗറി 1 ന് എതിരെയുള്ള കോളം (1) ലെ "സാമ്പത്തിക സ്ഥിതി വിവരക്കണക്ക് ഡയറക്ടർ" നും കോളം (2) ന് എതിരെയുള്ള ഉൾക്കുറിപ്പുകളിലും.

(i) കോളം (3) ലെ 1-ാം ഇനത്തിലെ (എ) ഉപഇനത്തിനുപകരം താഴെ പറയുന്ന ഉപഇനം ചേർക്കേണ്ടതാണ്, അതായത്:—

"(എ) സാമ്പത്തികശാസ്ത്രത്തിലോ സ്റ്റാറ്റിസ്റ്റിക്സിലോ ഗണിത ശാസ്ത്രത്തിലോ വാണിജ്യശാസ്ത്രത്തിലോ എന്നിവയിലേതിലെങ്കിലും ഒരു അംഗീകൃത സർവകലാശാലയിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ ഉള്ള ഡോക്ടറേറ്റ്. അതിൽ ഗണിതശാസ്ത്രത്തിലും വാണിജ്യ ശാസ്ത്രത്തിലും ഡോക്ടറേറ്റ് നേടിയവർ ബിരുദതലത്തിലെങ്കിലും സ്റ്റാറ്റിസ്റ്റിക്സ് ഒരു വിഷയമായി പഠിച്ചിരിക്കണം, കൂടാതെ"

(ii) കോളം (3) ലെ 2-ാം ഇനത്തിലെ (എ) ഉപഇനത്തിനുപകരം താഴെ പറയുന്ന ഉപഇനം ചേർക്കേണ്ടതാണ്, അതായത്:

"(എ) സാമ്പത്തികശാസ്ത്രത്തിലോ സ്റ്റാറ്റിസ്റ്റിക്സിലോ ഗണിത ശാസ്ത്രത്തിലോ ഒരു അംഗീകൃത സർവകലാശാലയിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ ഒന്നാംക്ലാസ്സിലുള്ള ബിരുദാനന്തര ബിരുദം, അതിൽ ഗണിതശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം നേടിയവർ ബിരുദതലത്തിലെങ്കിലും സ്റ്റാറ്റിസ്റ്റിക്സ് ഒരു വിഷയമായി പഠിച്ചിരിക്കണം; കൂടാതെ,"

(ബി) കാറ്റഗറി 2 ന് എതിരെയുള്ള കോളം (1) ലെ "അഡീഷണൽ ഡയറക്ടർ-നും" കോളം (2) ന് എതിരെയുള്ള ഉൾക്കുറിപ്പുകളിലും.

(i) കോളം (3) ലെ 1-ാം ഇനത്തിലെ (എ) ഉപഇനത്തിനുപകരം താഴെ പറയുന്ന ഉപഇനം ചേർക്കേണ്ടതാണ്, അതായത്:

"(എ) സാമ്പത്തിക ശാസ്ത്രം അല്ലെങ്കിൽ സ്റ്റാറ്റിസ്റ്റിക്സ് അല്ലെങ്കിൽ ഗണിത ശാസ്ത്രം അല്ലെങ്കിൽ വാണിജ്യശാസ്ത്രം എന്നീ വിഷയങ്ങളിലേതിലെങ്കിലും ഒരു അംഗീകൃത സർവകലാശാലയിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ ഉള്ള ഡോക്ടറേറ്റ്. അതിൽ ഗണിതശാസ്ത്രത്തിലും വാണിജ്യശാസ്ത്രത്തിലും ഡോക്ടറേറ്റ് നേടിയവർ ബിരുദതലത്തിലെങ്കിലും സ്റ്റാറ്റിസ്റ്റിക്സ് ഒരു വിഷയമായി പഠിച്ചിരിക്കണം; കൂടാതെ,"

(ii) കോളം (3) ലെ 2-ാം ഇനത്തിലെ (എ) ഉപഇനത്തിനുപകരം താഴെ പറയുന്ന ഉപഇനം ചേർക്കേണ്ടതാണ്, അതായത്:

"(എ) സാമ്പത്തിക ശാസ്ത്രത്തിലോ സ്റ്റാറ്റിസ്റ്റിക്സിലോ ഗണിതശാസ്ത്രത്തിലോ ഒരു അംഗീകൃത സർവകലാശാലയിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ ഒന്നാംക്ലാസ്സിലുള്ള ബിരുദാനന്തര ബിരുദം. അതിൽ ഗണിത ശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദമുള്ളവർ ബിരുദതലത്തിലെങ്കിലും സ്റ്റാറ്റിസ്റ്റിക്സ് ഒരു വിഷയമായി പഠിച്ചിരിക്കണം; കൂടാതെ,"

(സി) കാറ്റഗറി 3 ന് എതിരെയുള്ള കോളം (1) ലെ "ജോയിന്റ് ഡയറക്ടർ"-നും കോളം (2) ന് എതിരെയുള്ള ഉൾക്കുറിപ്പുകളിലും.

(i) കോളം (3) ലെ 1-ാം ഇനത്തിലെ (എ) ലെ ഉപഇനത്തിനുപകരം താഴെ പറയുന്ന ഉപഇനം ചേർക്കേണ്ടതാണ്, അതായത്:

"(എ) സാമ്പത്തിക ശാസ്ത്രത്തിലോ സ്റ്റാറ്റിസ്റ്റിക്സിലോ ഗണിത ശാസ്ത്രത്തിലോ വാണിജ്യ ശാസ്ത്രത്തിലോ ഒരു അംഗീകൃത സർവകലാശാലയിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ ഉള്ള ഡോക്ടറേറ്റ്. അതിൽ ഗണിത ശാസ്ത്രത്തിലും വാണിജ്യ ശാസ്ത്രത്തിലും ഡോക്ടറേറ്റ് നേടിയവർ ബിരുദതലത്തിലെങ്കിലും സ്റ്റാറ്റിസ്റ്റിക്സ് ഒരു വിഷയമായി പഠിച്ചിരിക്കണം; കൂടാതെ,"

(ii) 2-ാം ഇനത്തിലെ (എ) ഇനത്തിനും കോളം (3) ന് എതിരെയുള്ള ഉൾക്കുറിപ്പുകൾക്കും പകരം താഴെപ്പറയുന്ന ഉപഇനം ചേർക്കേണ്ടതാണ്, അതായത്:—

"(എ) സാമ്പത്തിക ശാസ്ത്രത്തിലോ സ്റ്റാറ്റിസ്റ്റിക്സിലോ ഗണിത ശാസ്ത്രത്തിലോ ഒരു അംഗീകൃത സർവകലാശാലയിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ ഒന്നാംക്ലാസ്സിലുള്ള ബിരുദാനന്തര ബിരുദം. അതിൽ കണക്കിൽ ബിരുദാനന്തര ബിരുദം നേടിയവർ ബിരുദതലത്തിലെങ്കിലും സ്റ്റാറ്റിസ്റ്റിക്സ് ഒരു വിഷയമായി പഠിച്ചിരിക്കണം; കൂടാതെ,"

(ഡി) കാറ്റഗറി 4(എ) യ്ക്ക് എതിരെയുള്ള കോളം (1) ലെ "ഡെപ്യൂട്ടി ഡയറക്ടർക്ക്" എതിരെ,—

(i) കോളം (2) ലെ സ്ഥാനക്കയറ്റം മുഖേന എന്ന വാക്കുകൾക്ക് എതിരെ കോളം (3)-ലെ ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന വാക്കുകൾക്ക് പകരം താഴെപ്പറയുന്ന വാക്കുകൾ ചേർക്കേണ്ടതാണ്, അതായത്:—

"ഗണിതശാസ്ത്രത്തിലും, വാണിജ്യശാസ്ത്രത്തിലും ഉള്ള ബിരുദാനന്തര ബിരുദത്തിന്റെ സംഗതിയിൽ ബിരുദതലത്തിലെങ്കിലും സ്റ്റാറ്റിസ്റ്റിക്സ് ഒരു വിഷയമായി പഠിച്ചിരിക്കണം."

(ii) കോളം (3) ലെ 1-ാം ഇനത്തിലെ (എ) ഉപഇനത്തിനു പകരം താഴെ പറയുന്ന ഉപഇനം ചേർക്കേണ്ടതാണ്, അതായത്:—

"(എ) സാമ്പത്തിക ശാസ്ത്രത്തിലോ സ്റ്റാറ്റിസ്റ്റിക്സിലോ ഗണിതശാസ്ത്രത്തിലോ വാണിജ്യ ശാസ്ത്രത്തിലോ ഒരു അംഗീകൃത സർവകലാശാലയിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ ഉള്ള ഡോക്ടറേറ്റ്. അതിൽ ഗണിത ശാസ്ത്രത്തിലും വാണിജ്യ ശാസ്ത്രത്തിലും ഡോക്ടറേറ്റ് നേടിയവർ ബിരുദതലത്തിലെങ്കിലും സ്റ്റാറ്റിസ്റ്റിക്സ് ഒരു വിഷയമായി പഠിച്ചിരിക്കണം; കൂടാതെ,"

(ii) കോളം (3) ലെ 2-ാം ഇനത്തിലെ (എ) ഉപഇനത്തിനുപകരം താഴെ പറയുന്ന ഉപഇനം ചേർക്കേണ്ടതാണ്, അതായത്:—

"(എ) സാമ്പത്തിക ശാസ്ത്രത്തിലോ സ്റ്റാറ്റിസ്റ്റിക്സ് അല്ലെങ്കിൽ ഗണിത ശാസ്ത്രം എന്നീ വിഷയങ്ങളിലേതിലെങ്കിലും ഒരു അംഗീകൃത സർവകലാശാലയിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ ഒന്നാംക്ലാസ്സിലുള്ള ബിരുദാനന്തര ബിരുദം. അതിൽ ഗണിത ശാസ്ത്രത്തിലും വാണിജ്യ ശാസ്ത്രത്തിലും ബിരുദാനന്തര ബിരുദം നേടിയവർ ബിരുദതലത്തിലെങ്കിലും സ്റ്റാറ്റിസ്റ്റിക്സ് ഒരു വിഷയമായി പഠിച്ചിരിക്കണം; കൂടാതെ,"

(ഇ) കാറ്റഗറി 5 ന് എതിരെയുള്ള കോളം (1) ലെ അസിസ്റ്റന്റ് ഡയറക്ടറിനും ഇതിന് എതിരെയുള്ള കോളം (2) ലെ ഉൾക്കുറിപ്പുകളിലും ഇനം 1 നു പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(1) സാമ്പത്തിക ശാസ്ത്രത്തിലോ സ്റ്റാറ്റിസ്റ്റിക്സിലോ ഗണിത ശാസ്ത്രത്തിലോ ഒരു അംഗീകൃത സർവകലാശാലയിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ ഒന്നാംക്ലാസ്സിലോ, രണ്ടാംക്ലാസ്സിലോ ഉള്ള ബിരുദാനന്തര ബിരുദം. അതിൽ ഗണിത ശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം നേടിയവർ ബിരുദതലത്തിലെങ്കിലും സ്റ്റാറ്റിസ്റ്റിക്സ് ഒരു വിഷയമായി പഠിച്ചിരിക്കണം;"

(എഫ്) കാറ്റഗറി 7 ന് എതിരെയുള്ള കോളം (1) ലെ റിസർച്ച് ഓഫീസർക്ക് എതിരെ,— (i) കോളം (2) ലെ "തസ്തികമാറ്റം മുഖേന" എന്ന വാക്കുകൾക്ക് എതിരെ കോളം (3) ലെ ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന വാക്കുകൾക്ക് പകരം താഴെപ്പറയുന്ന വാക്കുകൾ ചേർക്കേണ്ടതാണ്, അതായത്:—

"ഗണിത ശസ്ത്രത്തിലും വാണിജ്യ ശാസ്ത്രത്തിലും ബിരുദാനന്തര ബിരുദം നേടിയവർ ബിരുദതലത്തിലെങ്കിലും സ്റ്റാറ്റിസ്റ്റിക്സ് ഒരു വിഷയമായി പഠിച്ചിരിക്കണം."

(ii) കോളം (2) ലെ "നേരിട്ടുള്ള നിയമനം" എന്ന വാക്കുകൾക്ക് എതിരെ കോളം (3)-ലെ ഇനം 1 ന് പകരം താഴെപ്പറയുന്ന ഇനം കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"1. സാമ്പത്തിക ശാസ്ത്രത്തിലോ സ്റ്റാറ്റിസ്റ്റിക്സിലോ ഗണിത ശാസ്ത്രത്തിലോ ഒരു അംഗീകൃത സർവകലാശാലയിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ ഒന്നാം ക്ലാസ്സിലോ, രണ്ടാം ക്ലാസ്സിലോ ഉള്ള ബിരുദാനന്തര ബിരുദം. അതിൽ ഗണിത ശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം നേടിയവർ ബിരുദതലത്തിലെങ്കിലും സ്റ്റാറ്റിസ്റ്റിക്സ് ഒരു വിഷയമായി പഠിച്ചിരിക്കണം;"

(2) ചട്ടം 5നു പകരം താഴെപ്പറയുന്ന ചട്ടം ചേർക്കേണ്ടതാണ്, അതായത്:—

" 5. നിയമനാധികാരി.— കാറ്റഗറി 1 മുതൽ 6 വരെയുള്ള നിയമനങ്ങൾക്ക് സർക്കാരും 7 മുതൽ 9 വരെയുള്ള നിയമനങ്ങൾക്ക് ഡയറക്ടറുമണ് നിയമനാധികാരികൾ."

(3) ചട്ടം (6) ലെ ഉപചട്ടം (ബി)യിലെ "ജില്ലാ ഓഫീസർമാർ" എന്ന വാക്കിനുപകരം "ജില്ലാ ഓഫീസുകൾ" എന്ന് ചേർക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

സുബ്രത ബിശ്വാസ്,

*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2009, മാർച്ച് 3 ന് കേരള ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ. 201/2009 ആയി പ്രസിദ്ധീകരിച്ചതും 20-2-2009-ലെ സ. ഉ. (പി) 10/09/പ്ലാനിംഗ് നമ്പരായി പുറപ്പെടുവിച്ചിട്ടുള്ളതുമായ കേരള സാമ്പത്തികസ്ഥിതിവിവരക്കണക്ക് സർവീസസ് വിശേഷാൽ ചട്ടങ്ങളിൽ ഏതാനും അപാകതകൾ സർക്കാർ കണ്ടെത്തിയിരുന്നു. അതിനാൽ ഉചിതമായ രീതിയിൽ വിശേഷാൽ ചട്ടങ്ങളിൽ ഭേദഗതികൾ വരുത്തിക്കൊണ്ട് ടി അപാകതകൾ തിരുത്താൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

---